കളിലും കുടിവെള്ളം എത്തിക്കുന്നതിന് സ്ഥാപിക്കുന്ന പമ്പുഹൗസുകളിലെ വൈദ്യുതി ചാർജ്ജും 'സ്വജൽധാര' പദ്ധതികൾക്ക് നൽകുന്ന വൈദ്യുതി ചാർജ്ജും (യൂണിറ്റിന് ഈടാക്കുന്ന പൈസ) തമ്മിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ ജലസേചന വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ & ബി) ഉണ്ട്. കൃഷിയാവശ്യത്തിനല്ലാതെയുള്ള പമ്പ് ഹൗസുകളിൽനിന്നും എൽ.റ്റി. IV ഇൻഡസ്ട്രിയൽ താരിഫിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. എന്നാൽ ജലനിധി, ജലധാര, സ്വജലധാര പദ്ധതികൾക്ക് കീഴിലുള്ള പമ്പ് ഹൗസുകളിലേക്കുള്ള വൈദ്യുതി ഗാർഹികാവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്നതിനാൽ ഗാർഹിക താരിഫിൽ (എൽ. റ്റി. 1) വൈദ്യുതി ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി

44 [2513] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. സി. ജോസഫ് :
,, പി. ജെ. ജോയി :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പ-അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി യോജിപ്പിക്കുന്ന പ്രശ്നം കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രി 2004 ആഗസ്റ്റിൽ വിളിച്ചു കൂട്ടിയ ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരുടെ യോഗത്തിൽ ചർച്ചയ്ക്ക് വരികയുണ്ടായോ;

(ബി) അത് സംബന്ധിച്ച് കേന്ദ്രം ഉന്നയിച്ച സാധുകരണം എന്തായിരുന്നു; ഈ നിർദ്ദേശത്തോട് കേരളം ഏത് വിധത്തിൽ പ്രതികരിച്ചു;

(സി) പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് കിട്ടിയോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004 ആഗസ്റ്റിൽ ഇപ്രകാരം ഒരു യോഗം നടന്നതായി അറിവില്ല.

(ബി) യോഗം നടന്നുവെങ്കിൽ യോഗത്തിലെ ചർച്ചകളെപ്പറ്റിയോ തീരുമാനങ്ങളെപ്പറ്റിയോ അറിവില്ല.

(സി) മിനിട്ട്സ് കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly